ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥ് അവതരിപ്പിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ആ പുഴയിലെ അനിയന്ത്രിതമായ മണൽ വാരൽമൂലം അവിടത്തെ കിണറും അതിനോടനുബന്ധമായിട്ടുള്ള പമ്പ്ഹൗസും ഗുരുതരമായിട്ടുള്ള പ്രതിസന്ധി നേരിടുകയാണ്. അതിന്റെ ഭാഗമായി ജലവിതരണം സുഗമമായി നടത്താൻ കഴിയുന്നില്ല. താൽക്കാലികമായ പമ്പ്ഹൗസും സെറ്റും വച്ചുകൊണ്ടാണ് ഇപ്പോൾ അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് പരിഹരിക്കാൻ ആവശ്യമായ ഏതാണ്ട് 45 ലക്ഷം രൂപയുടെ നിരക്കാണ് 2010-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ അനുസരിച്ച് വേണ്ടത്. ഇത് വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ ഉൾപ്പെടുത്തി ചെയ്യാമെന്ന ഒരു നിർദ്ദേശം ബഹുമാനപ്പെട്ട ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. അതിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ഒൻപത് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ കഴിയും. പുതിയ കിണർ സ്ഥാപിച്ച് പമ്പ്ഹൗസ് സ്ഥാപിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ കഴിയൂ. അനിയന്ത്രിതമായിട്ടുള്ള മണലൂറ്റ് മുഖാന്തരമാണ് നിലവിലുള്ള കിണറിന് ഈ സ്ഥിതി ഇന്ന് സംഭവിച്ചിട്ടുള്ളത്. ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(12) അസിസ്റ്റന്റ് രജിസ്ട്രാറും മകനും ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ശശികുമാർ: സർ, കാലിക്കറ്റ് സർവ്വകലാശാലയിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി കെ. പി. ശോഭനയുടെ ക്വാർട്ടേഴ്സ് ചവിട്ടിപ്പൊളിച്ച് അക്രമം കാട്ടുകയും ശോഭനയുടെ മകൻ അതുൽ വിജയനെ ക്രൂരമായി മർദ്ദിക്കുകയും ചെയ്ത കേസ്സിലെ പ്രതികളെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ടാണ് ഈ സബ്മിഷൻ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷന്റെ പ്രവർത്തകരാണ് അക്രമം നടത്തിയിട്ടുള്ളത്. വിധവയായ ശോഭനയുടെ കുടുംബത്തെ വല്ലാത്ത ഒരു പ്രതിസന്ധിയിൽ ആക്കിയിരിക്കുകയാണ്. ഇന്ന് അവിടത്തെ പോലീസ് സ്റ്റേഷനുമുമ്പിൽ സമരം നടക്കുകയാണ്. കുറ്റവാളികളെ പിടികൂടി എത്രയും പെട്ടെന്ന് ശിക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഇവിടെ അവതരിപ്പിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, തേഞ്ഞിപ്പലത്തുള്ള കാലിക്കറ്റ് യൂണിവേഴ്സിറ്റി അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി ശോഭനയും കുടുംബവും താമസിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ്സിലെ ഡി.11-ാം നമ്പർ ക്വാർട്ടേഴ്സിലേക്ക് 3-2-2011-ന് രാത്രി 9.45 ഓടെ കെ.എസ്.യു. ജില്ലാ പ്രസിഡന്റ് റിയാസ് മുക്കോളി തുടങ്ങി 10 പേർ അതിക്രമിച്ച് കയറി അക്രമികൾ ശോഭനയുടെ ഉടുവസ്ത്രം വലിച്ചുകീറി, മാനഹാനിപ്പെടുത്തുകയും, ഇളയ മകനായ അതുൽ വിജയ്-നെ വടികൊണ്ട് അടിച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും മൂത്തമകൻ അഖിൽ വിജയ്-നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്നാണ് പരാതി ലഭിച്ചിട്ടുള്ളത്. കൂടാതെ ക്വാർട്ടേഴ്സിന്റെ ജനൽ ചില്ലുകൾക്ക് നാശം വരുത്തുകയും ചെയ്തു. ഇതിലേക്ക് ശോഭനയുടെ പരാതി പ്രകാരം ഇന്ത്യൻ ശിക്ഷാനിയമം 143, 147, 148, 149, 452, 354, 323, 324, 427,

KERALA LEGISLATIVE ASSEMBLY

506(2) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 56/2011 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സ് തെഞ്ഞിപ്പലം എസ്.ഐ. അന്വേഷിച്ചുവരികയാണ്. ഇതിൽ റിയാസ് മുക്കോളി, കള്ളിയിൽ അസീസ്, ഉമ്മർഫറൂഖ്, സിയാസ് കള്ളിയിൽ, കിരൺ എന്നീ പ്രതികളെയാണ് തിരിച്ചറിഞ്ഞിട്ടുള്ളത്. റിയാസ് മുക്കോളി ഒളിവിൽ പോകുകയും മറ്റുള്ള നാലുപേർ മഞ്ചേരി സെഷൻസ് കോടതി മുമ്പാകെ മുൻകൂർ ജാമ്യത്തിന് അപേക്ഷ കൊടുക്കുകയും ചെയ്തു. അങ്ങനെ അപേക്ഷ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇവരെ അറസ്റ്റ് ചെയ്യരുതെന്ന് കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ കേസ്സിൽ നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന നടപടികളെല്ലാം സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

(13) യുനാനി ഹക്കീമുമാർക്ക് രജിസ്ട്രേഷൻ

ശ്രീ. പി. എം. എ. സലാം: സർ, കേരളത്തിലെ ആരോഗ്യമേഖലയിൽ ചികിത്സാ രംഗത്ത് ദീർഘകാലമായി പ്രവർത്തിക്കുന്ന പാരമ്പര്യ വൈദ്യന്മാർക്ക് ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാർക്കും ഹോമിയോപ്പതി പ്രാക്ടീഷണർമാർക്കും തിരുവിതാംകൂർ കൊച്ചിൻ മേഖലയിലെ പാരമ്പര്യ-സിദ്ധ വൈദ്യന്മാർക്കും പ്രാക്ടീസ് തുടരുന്നതിന് അനുമതി നൽകുകയും രജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കി കൊണ്ട് ഉത്തരവുണ്ടാകുകയും ചെയ്തു. അതുപോലെ തന്നെ അട്ടപ്പാടിയിലെ ആദിവാസി ചികിത്സകർക്കും നമ്മുടെ സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്. പാരമ്പര്യ-സിദ്ധ വൈദ്യന്മാർക്ക് പ്രാക്ടീസ് തുടരാൻ അനുമതി ലഭ്യമായിട്ടുണ്ട്. അടുത്തകാലത്ത് യോഗ-പ്രകൃതി ചികിത്സകർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്. ആധുനിക യുഗത്തിലെ വളരെയേറെ പ്രസക്തിയുള്ള യുനാനി ചികിത്സാ രീതികൾ നടത്തുന്ന ആളുകൾക്കും, പാരമ്പര്യമായി സുദീർഘകാലമായി ഈ മേഖലയിൽ ചികിത്സാ രംഗത്തുള്ള ആളുകൾക്കും ഈ ആനുകൂല്യം നൽകണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ, പാരമ്പര്യ മേഖലയിലെ യുനാനി ചികിത്സ നടത്തുന്ന ഹക്കിമുമാർക്ക് പ്രത്യേക രജിസ്ട്രേഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(14) സുപ്രീം കോടതി ജഡ്ജിമാരെ അധിക്ഷേപിച്ച സംഭവം

ശ്രീ. എം. ചന്ദ്രൻ: സർ, ഇടമലയാർ കേസിൽ മുൻ മന്ത്രി ആർ. ബാലകൃഷ്ണ പിള്ളയേയും മറ്റ് രണ്ടുപേരേയും ഓരോ വർഷം വീതം കഠിനതടവിനും 10,000 രൂപ വീതം പിഴ അടയ്ക്കുന്നതിനും സുപ്രീംകോടതി ശിക്ഷിക്കുകയുണ്ടായി. ഈ വിധിയെ തള്ളിപ്പറഞ്ഞുകൊണ്ടാണ് ശിക്ഷിക്കപ്പെട്ട കുറ്റവാളിയായ ബാലകൃഷ്ണപിള്ളയ്ക്ക് കൊട്ടാരക്കരയിൽ വച്ച് യു.ഡി.എഫ്. സ്വീകരണം നൽകിയത്. ഈ സ്വീകരണ യോഗത്തിൽ 3 എം. പി.-മാരും ഒരു

LEGISLATIVE ASSEMBLY OF KERALA